# Deepika

## 20 July 2018

## Kochi, Heavy Rain, Flood, Relief Camps



# 49 ക്യാമ്പുകളിൽ 5099 പേർക്ക് അഭയം

**കൊച്ചി:** മഴക്കെടുതി ബാധിതമേഖലകളിലെ 49 ദുരിതാശ്വാസ ക്യാമ്പുകളിലായി അഭയം തേടിയിരിക്കുന്നത് 5099 പേർ. ചില സ്ഥലങ്ങളിൽ ക്യാമ്പുകൾ നിർത്തിയെങ്കിലും മറ്റിടങ്ങളിൽ ജലനിരപ്പ് ഉയർന്നതിനെതുടർന്ന് പുതിയ ക്യാമ്പുകൾ തുറക്കേണ്ടിവന്നു. മഴ ശമിക്കുകയാണെങ്കിൽ രണ്ടു ദിവസത്തിനുള്ളിൽ ഏറെക്കുറെ എല്ലാം ക്യാമ്പുകളും നിർത്താനാകുമെന്ന പ്രതീക്ഷയിലാണ് ജില്ലാ ഭരണകൂടം.

ഏറ്റവും കൂടുതൽ ക്യാമ്പുകൾ പ്രവർത്തിക്കുന്നത് പറവൂർ താലൂക്കിലാണ് - 19. ഏലൂർ, കരുമാല്ലൂർ, കോട്ടുവള്ളി, കുന്നുകര, ആലങ്ങാട്, പുത്തൻവേലിക്കര എന്നിവിടങ്ങളിലെ ക്യാമ്പുകളിലായി കഴിയുന്നത് 2495 പേർ.

## കൂടുതൽ ക്യാമ്പുകൾ പറവൂരിൽ

കൊച്ചി താലൂക്കിൽ ചെല്ലാനത്തെ രണ്ട് ക്യാമ്പുകളിലും എളങ്കുന്നപ്പുഴയിലെ ഒരു ക്യാമ്പിലുമായി തുടരുന്നവരുടെ എണ്ണം 912. മൂവാറ്റുപുഴ താലൂക്കിൽ ഒമ്പത് ക്യാമ്പുകളാണുള്ളത്. മാറാടി, പിറവം, തിരുമാറാടി, വാളകം, മൂവാറ്റുപുഴ എന്നിവിടങ്ങളിലായി തുടരുന്ന ക്യാമ്പുകളിൽ 572 പേർ താമസിക്കുന്നു. കോതമംഗലത്തെ ക്യാമ്പിൽ 118 പേരെ താമസിപ്പിച്ചിട്ടുണ്ട്.

കണയന്നൂർ താലൂക്കിൽ 12 ക്യാമ്പുകൾ നിലവിലുണ്ട്. ഇടപ്പള്ളി കുന്നുംപുറം, വെണ്ണല, കമ്മട്ടിപ്പാടം, ഇരുമ്പനം, കളമശേരി വിടാക്കുഴ, എച്ച്എംടി കോളനി, തുതിയൂർ, തൃപ്പൂണിത്തുറ മേക്കര, തോണ്ടൂർ, പാമ്പാടിത്താഴം, ആമ്പല്ലൂർ പാറക്കരി എന്നിവിടങ്ങളിലെ ദുരിതബാധിത മേഖലകളിൽ നിന്നുള്ളവർക്കായി തുറന്നിട്ടുള്ള ക്യാമ്പുകളിൽ 546 പേരാണുള്ളത്.

ആലുവയിൽ ചെങ്ങമനാട്, നെടുമ്പാശേരി, പാറക്കടവ് പഞ്ചായത്തുകളിലായി തുറന്നിട്ടുള്ള നാല് ക്യാമ്പുകളിൽ 412 പേരും തുടരുന്നു. കുന്നത്തുനാട് താലൂക്കിൽ പൂതൃക്ക പഞ്ചായത്തിലെ കറുകപ്പള്ളി എൽപി സ്കൂൾ ക്യാമ്പിലുണ്ടായിരുന്ന 44 പേർ ഇന്നലെ വൈകുന്നേരത്തോടെ വീടുകളിലേക്ക് മടങ്ങി.

തഹസിൽദാർമാരുടെയും വില്ലേജ് ഓഫീസർമാരുടെയും നേരിട്ടുള്ള മേൽനോട്ടത്തിലാണ് ക്യാമ്പുകൾ പ്രവർത്തിക്കുന്നത്. വൈദ്യസഹായം നൽകുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസും അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ ജില്ലാ സപ്ലൈ ഓഫീസും ആവശ്യത്തിന് ജീവനക്കാരെ ക്യാമ്പുകളിൽ നിയോഗിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ മുഹമ്മദ് സഫീറുള്ള ഇന്നലെയും വിവിധ സ്ഥലങ്ങളിലെ ക്യാമ്പുകൾ സന്ദർശിച്ചു.